## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 942 — 03.12. 2014 ൽ മറുപടിക്ക്.

### ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൽ ഖാദർ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തി സർക്കാർ ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തി 29.08.2014 തീയതിയിൽ സർക്കാർ ഓർഡിനൻ സ് പുറപ്പെടുവിച്ചിട്ടുണ്ട്. ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, നിയമനശുപാർശകത്ത്, സർവ്വീസ് സർട്ടിഫിക്കറ്റ്, താമസസൗകര്യം, കൂടാതെ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ പിഴ ഈടാക്കുക എന്നീ കാര്യങ്ങളിൽ നിയമഭേദഗതി വരുത്തിയിട്ടുണ്ട്. |
| (ബി) ജീവനക്കാർക്ക് അവധി, താമസ സൗകര്യങ്ങൾ, പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യം, ആവശ്യമായ വിശ്രമം അനുവദിക്കൽ എന്നീ കാര്യങ്ങളിൽ നിയമ ഭേദഗതിക്ക് ശേഷം എന്തെങ്കിലും പുരോഗതി കൈവന്നതായി വിലയിരുത്തപ്പെട്ടിട്ടുണ്ടോ ; | (ബി) വിലയിരുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | നിയമം നിലവിൽ വന്നതിനു ശേഷവും നിയമ വ്യവസ്ഥകൾ പാലിക്കാത്ത ഏതെങ്കിലും സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എതിരെയാണ് നടപടികൾ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (സി) ഓഡിനൻസിലെ വ്യവസ്ഥകൾ നടപ്പിലാക്കി വരുന്നു. നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് തൊഴിലുടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.